പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2120 | 13/06/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യ വസ്തുക്കളിലെ മായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളിൽ വ്യാപകമായി മായം ചേർക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ പരിശോധനയിൽ നിലവാരം കുറഞ്ഞതും അനുവദനീയമായ രാസപദാർത്ഥങ്ങൾ അളവിൽ കൂടുതൽ കലർത്തിയതായുമുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. |
| ബി) | വെളിച്ചെണ്ണ, പാൽ, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ മായം ചേർന്നതുമായി ബന്ധപ്പെട്ട് 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ എത്ര സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ; | ബി) | സംസ്ഥാനത്ത് വെളിച്ചെണ്ണ, പാൽ, മത്സ്യം, മറ്റ് ഭക്ഷ്യ വസ്തുക്കൾ എന്നിവയിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിച്ചതുമായി ബന്ധപ്പെട്ട് **2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ <u>1150</u> സ്ഥാപനങ്ങൾക്കെതിരെ** 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളുമനുസരിച്ച്പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ അടക്കമുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | പഴകിയ ഭക്ഷണ സാധനങ്ങൾ, ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ എന്നിവ വിറ്റതിന്റെ പേരിൽ ഹോട്ടലുകൾ, ബേക്കറി സ്ഥാപനങ്ങൾ എന്നിവയിൽ 2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ: | സി) | സംസ്ഥാനത്ത് പഴകിയ ഭക്ഷണ സാധനങ്ങൾ, ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ എന്നിവ വിറ്റതിന്റെ പേരിൽ ഹോട്ടലുകൾ, ബേക്കറി സ്ഥാപനങ്ങൾ എന്നിവയിൽ **2018 ജനുവരി മുതൽ 2019 മാർച്ച് 31 വരെ <u>2108</u> സ്ഥാപനങ്ങൾക്കെതിരെ** നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടു പിടിക്കുന്നതിനുള്ള സൗകര്യങ്ങൾ സംസ്ഥാനത്ത് എവിടെയെല്ലാമാണു ള്ളതെന്ന് വ്യക്തമാക്കാമോ? | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുക ളിലും, ഇവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന 3 മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകളിലും, പത്തനംതിട്ട ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബിലും ഭക്ഷ്യവസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട്. |

സെക്ഷൻ ഓഫീസർ